LIBRARY ARCHIVES Kerala Legislative Assembly

പാരമ്പര്യ കളരി മർമ്മ ചികിത്സ നടത്തുന്നവർക്ക് ലൈസൻസ്

281 (5006) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ കളരി മർമ്മ, ഉഴിച്ചിൽ ചികിത്സ നടത്തുന്നവർക്ക് ഇതിനാവശ്യമുള്ള തൈലങ്ങൾ, കുഴമ്പുകൾ എന്നിവ നിർമ്മിക്കാനും വിപണനം നടത്താനുമുള്ള ലൈസൻസ്/ അനുമതി പത്രം ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴി നൽകിവരുന്നുണ്ടോ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസുകൾ ഇന്ത്യയിൽ നിർബന്ധമാണ്. പ്രസ്തുത ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകിവരുന്നത്. ഈ ആവശ്യത്തിലേയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്ന് 25 ഡി ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ ആയത് ലഭിക്കുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്ന് അറിയിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ലൈസൻസ്/ അനുമതി പത്രം ലഭിക്കുന്നതിനായി അപേക്ഷ നൽകേണ്ട സ്ഥലം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം - ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം

2. കൊല്ലം/പത്തനംതിട്ട/കോട്ടയം-ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മന്നാനിയ ഷോപ്പിംഗ് കോംപ്ലക്സ്, ആണ്ടാമുക്കം, കൊല്ലം.

3. തൃശ്ശൂർ/എറണാകുളം/പാലക്കാട്/ഇടുക്കി/ആലപ്പുഴ - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കാക്കനാട്.

4. കോഴിക്കോട്/കാസർഗോഡ്/ കണ്ണൂർ/ വയനാട്/മലപ്പുറം - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കോഴിക്കോട്. അപേക്ഷയും അനുബന്ധ രേഖകളും അതാത് ഡ്രഗ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ഡ്രഗ് ഇൻസ്പെക്ടർ സ്ഥാപന പരിശോധന നടത്തിയശേഷം ഇൻസ്പെക്ഷൻ റിപ്പോർട്ട് സഹിതം അപേക്ഷ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം)-ടെ കാര്യാല

LIBRARY ARCHIVES Kerala Legislative Assembly

യത്തിലേയ്ക്ക് അയയ്ക്കുന്നു. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റി അപേക്ഷയും ഇൻസ്പെക്ഷൻ റിപ്പോർട്ടും മറ്റുരേഖകളും പരിശോധിച്ചശേഷം അപേക്ഷ ക്രമത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നു. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ചെക് ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴിയല്ല ലൈസൻസ്/അനുമതി പത്രം നൽകുന്നതെങ്കിൽ മറ്റേത് വിഭാഗമാണ് ഈ കാര്യങ്ങളിൽ അനുമതി/ലൈസൻസ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകിവരുന്നത്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ

282 (5007) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടെന്നും അറിയിക്കുമോ?

സംസ്ഥാനത്തിലെ മരുന്നുകളുടെ വിതരണവും, ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ/കാര്യക്ഷമത നിരന്തരമായ അവലോകനങ്ങളിലൂടെ ഉറപ്പാക്കുന്നുണ്ട്. വകുപ്പിന്റെകീഴിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് വിഭാഗവും, പരിശോധനാ വിഭാഗവുമാണുള്ളത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് മരുന്ന് നിർമ്മിച്ച് വിതരണം ചെയ്ത് വിൽക്കപ്പെടുന്നതെന്നത് ഉറപ്പുവരുത്തുന്നതാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതല. മരുന്ന് നിർമ്മാണ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, മരുന്നുകളുടെ സാമ്പിൾ ശേഖരണം, ചട്ടലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമനടപടികൾ സ്വീകരിക്കുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. എൻഫോഴ്സ്മെന്റ് വിഭാഗം ചട്ടപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ ഫാർമകോപ്പിയ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുകയെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.